**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1683** **19-01-2021 - ൽ മറുപടിയ്ക്ക്**

**പള്ളുരുത്തിയിൽ നൈറ്റ് ഷെൽറ്റർ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri A. C. Moideen<br>(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി) | |
| (എ) | 17/10/2017-ന് കൊച്ചി നഗരസഭയുടെ പള്ളുരുത്തി മേഖല 16-ാം ഡിവിഷനിലെ നഗരസഭ വക സ്ഥലത്ത് എൻ.യു.എൽ.എം. മുഖേന നൈറ്റ് ഷെൽറ്റർ സ്ഥാപിക്കുവാൻ തീരുമാനം എടുത്തിട്ട് മൂന്ന് വർഷം കഴിഞ്ഞിട്ടും ഡി.പി.ആർ. തയ്യാറാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | (എ) | ദേശീയ നഗര ഉപജീവന മിഷൻ (എൻ.യു.എൽ.എം.) പദ്ധതി പ്രകാരം നഗരസഭയിൽ നിന്നും തയ്യാറാക്കി സമർപ്പിക്കുന്ന ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ടിന് (ഡി.പി.ആർ.) ഇതേവരെ കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ് ലഭ്യമായിട്ടില്ലാത്തതിനാലാണ് ഇതുവരെ ഡി.പി.ആർ. തയ്യാറാക്കാത്തത്. |
| (ബി) | കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസ് ലഭ്യമായിട്ടുണ്ടോ; | (ബി) | ഇല്ല |
| (സി) | ഇല്ലെങ്കിൽ ഇത് ലഭ്യമാകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (സി) | കോസ്റ്റൽ റെഗുലേഷൻ സോൺ ക്ലിയറൻസിന് അയയ്ക്കുന്നതിന് പേയ്മെന്റ് ഒടുക്കാത്തത് കാരണം. |
| (ഡി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | കോസ്റ്റൽ ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഡി.പി.ആർ. തയ്യാറാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ